(ബി) ആലപ്പുഴ–എറണാകുളം ലൈൻ പണി തുടങ്ങുന്നതുവരെ മറ്റൊരു റെയിൽവേ ലൈനിനെപ്പറ്റിയും കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് ഈ ഗവൺമെൻറ് കരുതിയിരുന്നു. ഈ ലൈൻ തുടങ്ങുന്നതിനെപ്പറ്റി കേന്ദ്രത്തിൽ ഇടതന്നെ സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) സംസ്ഥാന ഗവൺമെൻറ് വേണ്ട നടപടികളും സ്വീകരിച്ചുവരികയാണ്. റെയിൽവേയ്ക്ക് എന്തു നിരക്കിൽ വൈദ്യുതി നൽകണമെന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

(ഡി) അത്തരമൊരു വിമർശനത്തെപ്പറ്റി ഈ ഗവൺമെൻറിന് അറിവില്ല.

ഹരിജനങ്ങളുടെ കേസുകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രത്യേക സെൽ

* 653[710] ശ്രീമതി ഗൗരിഅമ്മ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഹരിജനങ്ങളുടെ കേസുകളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന പ്രത്യേക സെൽ നിലവിൽ വന്നതിനുശേഷം 1979 ഫെബ്രുവരി അവസാനംവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര കേസുകളിൻമേൽ തീരുമാനമുണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ള കേസുകളിൻമേൽ തീരുമാനം കൈക്കൊള്ളാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ കെ. എം. മാണി):

(എ) 750.

(ബി) 587.

(സി) സ്വീകരിച്ചുവരുന്നുണ്ട്.

സസ്പെൻഡ് ചെയ്യപ്പെടുന്നവർക്ക് നൽകുന്ന സബ്സിസ്റ്റൻസ് അലവൻസ്

* 654 [711] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ സസ്പെൻഡ് ചെയ്യപ്പെടുന്നവർക്ക് സബ്സിസ്റ്റൻസ് അലവൻസ് നൽകി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് നൽകിവരാറുള്ളത്;

(സി) അത്തരം ആളുകൾക്ക് മുഴുവൻ ശമ്പളവും അലവൻസും നൽകുന്നതിനുള്ള എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതലാണ്;

(ഇ) ഈതിൻെറ വിശദാംശം എന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly